

# പത്തനംതിട്ട ജില്ല

# മണ്ണു സംരക്ഷണ പദ്ധതി
# വിലയിരുത്തൽ പഠനം 2022-2023

# മുണ്ടൻപാറ മല-പന്നിയറമുടി ലാൻറ്
# സ്റ്റെബിലൈസേഷൻ പദ്ധതി



സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 2025

G. S. RAJATH
DIRECTOR
(Full Additional Charge)

Department of Economics & Statistics
Vikas Bhavan P.O., Thiruvananthapuram
Kerala-695 033
Phone: Office: 0471-2305318
Mobile: 9447115318
e-mail: ecostatdir@gmail.com
website: www.ecostat.kerala.gov.in

Date: 01-07-2025

## സന്ദേശം

മണ്ണിനെ നശീകരണത്തിൽ നിന്ന് സംരക്ഷിക്കുവാൻ ഉപയോഗിക്കുന്ന രീതികളുടെ സംയോജനമാണ് മണ്ണു സംരക്ഷണം. മണ്ണിനെ ഒരു ജീവനുള്ള ആവാസ വ്യവസ്ഥയായി കണക്കാക്കുന്നത് മണ്ണിന്റെ ഒരു സംരക്ഷണ രീതിയാണ്. കൃഷി, മേച്ചിൽ, ഖനനം, നിർമ്മാണം, വിനോദ പ്രവർത്തനങ്ങൾ എന്നിവയാണ് മണ്ണൊലിപ്പിന് കാരണമാകുന്ന ചില പ്രവർത്തനങ്ങൾ.

സംസ്ഥാനത്ത് മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് മണ്ണ് പര്യവേക്ഷണ - മണ്ണു സംരക്ഷണ വകുപ്പാണ്. NABARD ന്റെ സഹായത്തോടെ നടപ്പാക്കുന്ന RIDF പദ്ധതികളും ജില്ലാ പഞ്ചായത്തിന് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളും യഥാസമയം ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഈ വകുപ്പിന്റെ ചുമതല. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് 1973 മുതൽ ഇത്തരം മണ്ണു സംരക്ഷണ പദ്ധതികളുടെ പഠനം ജില്ലാ അടിസ്ഥാനത്തിൽ നടത്തി വരുന്നു. മണ്ണു സംരക്ഷണ പദ്ധതികളുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനും ഗുണഭോക്താക്കളോട് നേരിട്ട് ഈ പദ്ധതികളുടെ പ്രയോജനങ്ങളെ കുറിച്ച് വിലയിരുത്തുന്നതിനും ഈ പഠനം വഴി സാധിക്കുന്നു. 2022-23 കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിൽ വിലയിരുത്തൽ പഠനത്തിനായി തെരഞ്ഞെടുത്തത് സീതത്തോട് പഞ്ചായത്തിലെ ഗുരുനാഥൻ മണ്ണ് മേഖലയിലെ മുണ്ടൻപാറമല - പന്നിയറമുടി ലാൻഡ് സ്ലൈഡിംഗ് പ്രോജക്ട് ആണ്. അതിശക്തമായ മണ്ണിടിച്ചിൽ ഉണ്ടായ ഈ പ്രദേശത്ത് 2019-21 കാലഘട്ടത്തിൽ നടപ്പിലാക്കിയ ഈ പദ്ധതി വളരെയധികം ഗുണപ്രദമായിരുന്നു എന്ന് പ്രദേശവാസികൾ അഭിപ്രായപ്പെട്ടു.

ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടേയും റിസർച്ച് ഓഫീസറുടേയും മേൽനോട്ടത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ 2022-23 കാർഷിക വർഷത്തിലെ വിവരശേഖരണവും ഡാറ്റാ എൻട്രിയും നടത്തി സർവേ പൂർത്തീകരിച്ചു. പത്തനംതിട്ട ജില്ലാ മണ്ണു സംരക്ഷണ ഓഫീസിലെ ഉദ്യോഗസ്ഥരും സീതത്തോട് പഞ്ചായത്തിലെ ഗുരുനാഥൻ മണ്ണ് വാർഡ് ഉൾപ്പെടുന്ന പ്രദേശത്തെ ജനങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. ടി റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം

## മുണ്ടൻപാറമല – പന്നിയറ മുടി ലാന്റ് സ്റ്റെബിലൈസേഷൻ പ്രൊജക്ട് – കൺവീനറുടെ റിപ്പോർട്ട്

മുണ്ടൻപാറമല – പന്നിയറ മുടി ലാന്റ് സ്റ്റെബിലൈസേഷൻ പ്രൊജക്ട് സീതത്തോട് ഗ്രാമപഞ്ചായത്തിലെ ഗുരുനാഥൻ മണ്ണ് പ്രദേശത്ത് മണ്ണുസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ ഒരു പദ്ധതിയാണ്. മലയോരമേഖലയായ സീതത്തോട് കർഷകരുടെ ഒരു ഗ്രാമം തന്നെയാണ്. കാലങ്ങളായി മഴക്കെടുതികളും മണ്ണൊലിപ്പും മൂലം ഇവിടുത്തെ കർഷകജനത വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയായിരുന്നു. മണ്ണുസംരക്ഷണ വകുപ്പ് ഗുരുനാഥൻ മണ്ണ് പ്രദേശത്ത് നടപ്പിലാക്കിയ ഈ പദ്ധതി മൂലം മണ്ണിടിച്ചിൽ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും അറ്റകുറ്റപ്പണികൾ നടക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ ഒരു പോരായ്മ ആണ്. കേടുപാടുകൾ പരിഹരിച്ചെങ്കിൽ മാത്രമേ പദ്ധതിയുടെ യഥാർത്ഥ ഗുണം കർഷകർക്ക് ലഭ്യമാകുകയുള്ളൂ. തുടർന്നും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തിയ ഈ വിലയിരുത്തൽ പഠനത്തിന് എല്ലാവിധ ആശംകളും നേരുന്നു.

സീതത്തോട്

കൺവീനർ

**മുണ്ടൻപാറമല - പന്നിയറമുടി ലാന്റ് സ്ലൈഡ് സ്റ്റെബിലൈസഷൻ പദ്ധതി -**
**പത്തനംതിട്ട ജില്ലാ മണ്ണ് സംരക്ഷണ ആഫീസറുടെ ആശംസാ കുറിപ്പ്**

ജീവന്റെ നിലനിൽപ്പിന് മണ്ണ് സംരക്ഷണം അനിവാര്യമാണ്. സീതത്തോട് പഞ്ചായത്തിലെ ഗുരുനാഥൻമണ്ണ് പ്രദേശത്ത് 2019 ൽ തുടങ്ങി 2021 ൽ പൂർത്തീകരിച്ച ഒരു പദ്ധതിയാണ് മുണ്ടൻപാറമല - പന്നിയറമുടി ലാന്റ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി. മണ്ണിടിച്ചിൽ മൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന പ്രദേശവാസികൾക്ക് ഈ പദ്ധതി വളരെ ഗുണപ്രദമായിരുന്നു. കയ്യാലകെട്ട്, പാർശ്വഭിത്തി സംരക്ഷണം എന്നിവ പ്രധാന പ്രവർത്തനങ്ങൾ ആയിരുന്നു.

പദ്ധതികളുടെ ശക്തി ദൗർബല്യങ്ങൾ അറിഞ്ഞ് വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ വിലയിരുത്തൽ പഠനങ്ങൾ സഹായകമാകാറുണ്ട്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തയ്യാറാക്കുന്ന വിലയിരുത്തൽ, ഭാവി പദ്ധതികളുടെ ആസൂത്രണത്തിന് വഴികാട്ടി ആകട്ടെയെന്ന് ആശംസിക്കുന്നു.

ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ

പത്തനംതിട്ട

# മുണ്ടൻപാറമല – പന്നിയറ മുടി ലാന്റ് സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ പദ്ധതിയുടെ പഠനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ

**മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും**

1. ശ്രീമതി. ജ്യോതിലക്ഷ്മി. വി. ആർ (ഡെപ്യൂട്ടി ഡയറക്ടർ)
2. ശ്രീ. പദ്മകുമാർ. പി (റിസർച്ച് ഓഫീസർ)

**ഫീൽഡുതല വിവരശേഖരണവും ഡാറ്റാ എൻട്രിയും സൂക്ഷ്മ പരിശോധനയും**

1. ശ്രീമതി. ജ്യോതിലക്ഷ്മി. വി. ആർ (ഡെപ്യൂട്ടി ഡയറക്ടർ)
2. ശ്രീ. പദ്മകുമാർ. പി (റിസർച്ച് ഓഫീസർ)
3. ശ്രീമതി. സുമ. എം.വി (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1)
4. ശ്രീ. എം. മോനേഷ് (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2)

**ഡാറ്റാ മൂല്യനിർണ്ണയം, റിപ്പോർട്ട് തയ്യാറാക്കൽ**

1. ശ്രീമതി. ജ്യോതിലക്ഷ്മി. വി. ആർ (ഡെപ്യൂട്ടി ഡയറക്ടർ)
2. ശ്രീ. പദ്മകുമാർ. പി (റിസർച്ച് ഓഫീസർ)
3. ശ്രീമതി. സുമ. എം.വി (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1)
4. ശ്രീ. ഷിബു. എം.ബി (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1)

**പേജ് ഡിസൈനിംഗ്**

1. ശ്രീ.ഷിബു. എം.ബി (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1)
2. ശ്രീമതി. ദീപകൃഷ്ണൻ.പി (സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്)

## ഉള്ളടക്കം


| | | | |
|---|---|---|---|
| | അധ്യായം - 1 | | പേജ് നമ്പർ |
| | മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേ | | |
| 1.1 | ആമുഖം | | 1 |
| 1.2 | മണ്ണു പര്യവേഷണ മണ്ണു സംരക്ഷണ വകുപ്പ് നടത്തുന്ന മണ്ണുസംരക്ഷണ പദ്ധതികൾ | | 1 |
| 1.3 | മണ്ണു സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേയുടെ ഉദ്ദേശലക്ഷ്യങ്ങൾ | | 2 |
| 1.4 | വിലയിരുത്തൽ പഠനരീതി | | 2 |
| 1.5 | വിലയിരുത്തൽ പഠന കാലയളവ് | | 2 |
| 1.6 | വിലയിരുത്തൽ പഠനസ്ഥലം | | 3 |
| | അധ്യായം - 2 | | |
| | മുണ്ടൻപാറമല – പന്നിയറമുടി ലാന്റ്സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ സ്കീം | | |
| 2.1 | നീർത്തടം (വാട്ടർഷെഡ്) | | 3 |
| 2.2 | നീർത്തടാധിഷ്ഠിത വികസനം | | 3 |
| 2.3 | മുണ്ടൻപാറമല – പന്നിയറമുടി ലാന്റ്സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ സ്കീം | | 3 |
| 2.4 | പദ്ധതി പ്രദേശത്തിന്റെ ഭൂപടം | | 4 |
| 2.5 | പദ്ധതി പ്രദേശം ചിത്രങ്ങളിലൂടെ | | 5 |
| 2.6 | പദ്ധതി പ്രദേശത്തിന്റെ ഭൂവിനിയോഗം | | 5 |
| | അധ്യായം - 3 | | |
| | മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തൽ പഠനം പ്രധാനപ്പെട്ട സൂചകങ്ങൾ | | |
| 3.1 | ആമുഖം | | 6 |
| 3.2 | പൊതുവിവരങ്ങൾ | | |
| | 3.2.1 | ജനസംഖ്യ | 6 |
| | 3.2.2 | പദ്ധതി പ്രദേശത്തെ കുടുംബങ്ങളുടെ പ്രധാന തൊഴിൽ | 7 |
| | 3.2.3 | ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ | 8 |
| 3.3 | ഭൂവിനിയോഗം | | |
| | 3.3.1 | ഹ്രസ്വകാല വിളകൾ | 9 |
| | 3.3.2 | ദീർഘകാല വിളകൾ | 10-11 |
| 3.4 | നടപ്പിലാക്കിയ മണ്ണുസംരക്ഷണ പദ്ധതിയുടെ വിവരങ്ങൾ | | 12-13, 14 |
| 3.5 | നടപ്പിലാക്കിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ | | 15-16 |
| 3.6 | മണ്ണുസംരക്ഷണം നടത്തിയിട്ടുള്ള സ്ഥലങ്ങളിൽ വർഷം തോറുമുള്ള പരിപാലനം | | 16-17 |
| 3.7 | മണ്ണുസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ചുള്ള അഭിപ്രായം | | 17 |
| 3.8 | മണ്ണിന്റെ ഫലഭൂയിഷ്ഠത | | 17-18 |
| 3.9 | മണ്ണിന്റെ ഘടന | | 18 |
| 3.10 | പദ്ധതിയുടെ പുരോഗതിയെ കുറിച്ചുള്ള അഭിപ്രായം | | 18-19 |
| 3.11 | പദ്ധതിയുടെ വിവരങ്ങൾ അറിഞ്ഞത് സംബന്ധിച്ച് | | 19 |
| 3.12 | പദ്ധതി പരിശീലനം | | 20 |
| 3.13 | കിണറിലെ ജലവിതാനം(ഏപ്രിൽ/ മെയ്മാസങ്ങളിൽ) | | 20-21 |
| 3.14 | തോടിന്റെ പാർശ്വങ്ങളുടെ സംരക്ഷണം | | 21-22 |
| | അധ്യായം - 4 | | |
| 4.1 | കൺട്രോൾ പ്ലോട്ടുകളുടെ വിലയിരുത്തൽ | | 22-35 |
| 4.2 | മണ്ണുസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ചുള്ള അടിസ്ഥാന അവബോധം | | 35 |
| 4.3 | ഗുണഭോക്തൃകമ്മറ്റി | | 35 |
| 4.4 | പാരിസ്ഥിതികപ്രശ്നങ്ങൾ | | 36 |
| 4.5 | ഗുണഭോക്താക്കളുടെ അനുബന്ധവരുമാനം | | 37 |
| | അധ്യായം - 5 | | |
| | ഉപസംഹാരം | | 37 |
| | ചോദ്യാവലി | | 38-48 |

**അധ്യായം- 1**

# മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേ

## 1.1 ആമുഖം

ഒരു പ്രദേശത്തിന്റെ സുസ്ഥിരവികസനത്തിന് അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം, പുനരുൽപ്പാദനം, നീതിപൂർവ്വമായ ഉപയോഗം എന്നിവ അനിവാര്യമാണ്. ഗ്രാമീണ ജനവിഭാഗങ്ങളിൽ ഭൂരിപക്ഷവും അവരുടെ ഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്നത് കൃഷിയും അനുബന്ധ തൊഴിലുകളുമായതിനാൽ തന്നെ പരസ്പര പൂരകങ്ങളായ അടിസ്ഥാന വിഭവങ്ങളുടെ സംരക്ഷണത്തിലൂന്നിയുള്ള സ്ഥായിയായ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലൂടെ മാത്രമേ നാടിന്റെ യഥാർത്ഥ വികസനം സാധ്യമാകുകയുള്ളൂ. അടിസ്ഥാന വിഭവങ്ങളിലെ പ്രധാനിയായ മണ്ണ് മനുഷ്യരാശിയുടെ നിലനിൽപ്പിന്റെ അടിസ്ഥാനമാണ്. മണ്ണിന്റെ ഏറ്റവും മുകളിലെ പാളി മണ്ണൊലിപ്പിൽ നഷ്ടപ്പെടുന്നത് തടയുകയോ, അമിതമായ വളത്തിന്റെ ഉപയോഗം, അസിഡിഫിക്കേഷൻ, ലവണാംശം അല്ലെങ്കിൽ മലിനീകരണം എന്നിവ മൂലമുണ്ടാകുന്ന ഫലഭൂയിഷ്ഠതയുടെ ശോഷണം തടയുകയോ ചെയ്താൽ മാത്രമേ മണ്ണിനെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ.

മണ്ണുസംരക്ഷണത്തിനായി പലതരത്തിലുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് മണ്ണുസംരരക്ഷണ പ്രവർത്തനങ്ങൾ പ്രധാനമായി ആവിഷ്ക്കരിക്കുന്നതും നടപ്പിലാക്കുന്നതും മണ്ണുപര്യവേക്ഷണ – മണ്ണുസംരക്ഷണ വകുപ്പാണ്. ഇത്തരത്തിൽ നടപ്പിലാക്കുന്ന മണ്ണുസംരക്ഷണ പദ്ധതിയുടെ വിലയിലുത്തൽ പഠനം എല്ലാ വർഷവും സാമ്പത്തിക-സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തി വരുന്നു.

## 1.2 മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ് നടത്തുന്ന മണ്ണുസംരക്ഷണ പദ്ധതികൾ

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതിവിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ-ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിരവികസനത്തിനായുള്ള വികസന പദ്ധതികളും, വിവിധ മണ്ണ് ജലസംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് മണ്ണു പര്യവേഷണ - മണ്ണു സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. നീർത്തട അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യപരിപാലനത്തിനും ഭൂവിഭവ സമാഹരണത്തിന് ഊന്നൽ നൽകിയാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. മണ്ണു പരിവേക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണു പരിവേഷണ (സോയിൽ സർവ്വേ) വിഭാഗവും മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണു സംരക്ഷണ (സോയിൽ കൺസർവേഷൻ) വിഭാഗവും പ്രവർത്തിക്കുന്നു.

മണ്ണിടിച്ചിലുള്ള പ്രദേശങ്ങളെ ബലപ്പെടുത്താൻ, ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ്-ജലസംരക്ഷണം, മണ്ണിടിച്ചിൽ തടയാൻ ലാന്റ് സ്റ്റെബിലൈസേഷൻ പ്രോജക്റ്റുകൾ, നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് സംരക്ഷണം എന്നിവയാണ് മണ്ണുപരിവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് നടത്തുന്ന പ്രധാന പദ്ധതികൾ. ഇതിൽ നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജലസംരക്ഷണ പദ്ധതി വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോൽപാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്) ഉപയോഗിച്ച് നടത്തുന്ന പദ്ധതിയാണ്.

പത്തനംതിട്ട ജില്ലയിലെ വരൾച്ചയ്ക്ക് പരിഹാരം കാണുന്നതിനായി കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതികളും, മണ്ണിടിച്ചിൽ ഉണ്ടാകുന്ന മലയോര മേഖലയിലെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും ആർഐഡിഎഫിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോണ്ടൂർ വരമ്പുകൾ തട്ടു തിരിക്കൽ, പാർശ്വഭിത്തിനിർമ്മാണം, തടയണ നിർമ്മാണം, മഴക്കുഴി നിർമ്മാണം, തടമെടുക്കൽ, കല്ലുകയ്യാലകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും മേൽപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

## 1.3 മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേയുടെ ഉദ്ദേശലക്ഷ്യങ്ങൾ

- മണ്ണുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലം പദ്ധതി പ്രദേശത്തിനുണ്ടായ പുരോഗതി വിലയിരുത്തുക.
- മണ്ണുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലമുള്ള ഭൂവിനിയോഗമാറ്റം വിലയിരുത്തുക.
- ദീർഘകാല വിളകളിൽ നിന്നും കാലിക വിളകളിൽ നിന്നും ലഭിക്കുന്ന ഉൽപ്പാദനം, മൂല്യം ഇവ വിലയിരുത്തുക.
- പദ്ധതിയ്ക്ക് ശേഷമുള്ള ജലലഭ്യത വിശകലനം ചെയ്യുക.
- നടപ്പിലാക്കിയ പദ്ധതികളുടെ പരിപാലനം വിലയിരുത്തുക.
- മണ്ണുസംരക്ഷണ വകുപ്പ് മുഖേനയല്ലാതെ നടപ്പിലാക്കിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കുക.
- പദ്ധതി പ്രദേശത്ത് നടത്താനുള്ള തുടർ പ്രവർത്തനങ്ങളും പ്രശ്നബാധിത സ്ഥലങ്ങളും ചൂണ്ടികാട്ടുക.

## 1.4 വിലയിരുത്തൽ പഠന രീതി

മണ്ണുപര്യവേഷണ- മണ്ണു സംരക്ഷണ വകുപ്പ് വിവിധ ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ മൂന്നുവർഷം മുമ്പ് പൂർത്തീകരിച്ച പദ്ധതികളിൽ നിന്നും സിമ്പിൾ റാൻഡം സാമ്പ്ലിംഗ് മുഖേനയാണ് വിലയിരുത്തൽ പഠനത്തിനുള്ള പദ്ധതികൾ തെരഞ്ഞെടുക്കുന്നത്. പദ്ധതി പ്രദേശത്ത് താമസിക്കുന്നവരും അല്ലാത്തവരുമായ മുഴുവൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി സർവേ രൂപത്തിലാണ് വിലയിരുത്തൽ പഠനം നടത്തിയത്. ഗുണഭോക്താക്കൾക്ക് പുറമേ പദ്ധതി പ്രദേശത്ത് താമസിക്കുന്ന 20% കുടുംബങ്ങളുടെയും വിവരങ്ങൾ സർവേയിലൂടെ ശേഖരിക്കുന്നു. പദ്ധതി ഗുണകരമായിരുന്നോ എന്നറിയുന്നതിനായി കാർഷിക വിളകളുടെ ഉത്പാദനം, വിസ്തൃതി, ജലലഭ്യത, മണ്ണിന്റെ ഫലഭൂയിഷ്ഠിത തുടങ്ങിയവ പദ്ധതിക്ക് മുമ്പും ശേഷവും സർവേയിലൂടെ താരതമ്യം ചെയ്യുന്നു. പദ്ധതി വിലയിരുത്തൽ പഠനം കൂടുതൽ ഫലപ്രദമാകുന്നതിലേക്കായി പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെ ഭൂമിയുടെ (ലാൻഡ് ഹോൾഡിംഗ്) വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ സ്ട്രാറ്റങ്ങളായി തിരിച്ചാണ് വിലയിരുത്തൽ നടത്തുന്നത്.

***പട്ടിക-1***

| സ്ട്രാറ്റം | വിസ്തൃതി (സെന്റിൽ) |
|---|---|
| I | 100 സെന്റിൽ താഴെ |
| II | 100 മുതൽ 300 സെന്റിൽ താഴെ |
| III | 300 മുതൽ 500 സെന്റിൽ താഴെ |
| IV | 500 സെന്റും അതിന് മുകളിലും |

## 1.5 വിലയിരുത്തൽ പഠന കാലയളവ്

കാർഷിക വർഷം അടിസ്ഥാനമാക്കിയാണ് മണ്ണു സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം സാമ്പത്തിക സ്ഥിതി കണക്ക് വകുപ്പ് നടത്തിവരുന്നത്. 2022-23

കാർഷികവർഷം (2022 ജൂലൈ 1 - 2023 ജൂൺ 30) നടത്തിയ പഠനത്തിന്റെ വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1.6 വിലയിരുത്തൽ പഠനസ്ഥലം

മണ്ണു പര്യവേഷണ മണ്ണു സംരക്ഷണ വകുപ്പ് പദ്ധതികൾ പൂർത്തീകരിച്ച പ്രദേശങ്ങളിൽ നിന്നും ക്രമരഹിതമായി തെരഞ്ഞെടുക്കുന്ന പദ്ധതി പ്രദേശമാണ് ഓരോ ജില്ലയിലും സാധാരണയായി വിലയിരുത്തൽ പഠനം നടത്തുന്നത്. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ ഉൾപ്പെട്ട സീതത്തോട് ഗ്രാമപഞ്ചായത്തിലെ 2019-21 വർഷം മണ്ണ് സംരക്ഷണ വകുപ്പ് പൂർത്തീകരിച്ച മുണ്ടൻപാറമല – പന്നിയറമുടി ലാന്റ് ഏരിയ സ്റ്റെബിലൈസേഷൻ സ്കീമിന്റെ വിശകലനമാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്. ഈ പ്രോജക്ടിന്റെ വിവരണം അധ്യായം 2 ൽ നൽകിയിട്ടുണ്ട്.

## അധ്യായം- 2

## മുണ്ടൻപാറമല – പന്നിയറമുടി ലാന്റ്സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ സ്കീം

### 2.1 നീർത്തടം (വാട്ടർഷെഡ്)

ഒരു പൊതു നിർഗമന ചാലിലേക്ക് ഏതെല്ലാം പ്രദേശത്ത് നിന്നും മഴവെള്ളം ഒഴുകി എത്തുന്നുണ്ടോ ആ പ്രദേശമാകെ ജലനിർഗമന ചാലിന്റെ നീർത്തടം എന്നറിയപ്പെടുന്നു. അതായത് ഒരു പുഴ/ തോട് അരുവിയിലേക്ക് എത്രമാത്രം പ്രദേശത്തെ വെള്ളം ഒഴുകിയെത്തുന്നുവോ ആ പ്രദേശത്തെ പുഴ/ തോട് അരുവിയുടെ നീർത്തടം എന്ന് വിളിക്കുന്നു. ഒരു നീർത്തടത്തെ വലയം ചെയ്യുന്ന ഉയർന്ന ഭൂപ്രതലങ്ങളായിരിക്കും അതിന്റെ അതിർത്തികൾ. ഏതൊരു നീർച്ചാലിലേക്കും ജലം ഒഴുകിയെത്തുന്ന മുഴുവൻ പ്രദേശത്തിന്റെയും അതിർത്തി, ഉത്ഭവസ്ഥാനം, നീർമറിരേഖ, പ്രകൃതിദത്ത നീർച്ചാലുകൾ, ജലഗ്രഹണ മേഖല, ആദേശ മേഖല എന്നിവയൊക്കെ നീർത്തടത്തിന്റെ ഭാഗമാണ്. നീർത്തടത്തിന്റെ വലിപ്പമനുസരിച്ച് സൂക്ഷ്മനീർത്തടം, ചെറുനീർത്തടം, ലഘുനീർത്തടം, ഉപനീർത്തടം എന്നിങ്ങനെ തരംതിരിക്കുന്നു.

### 2.2 നീർത്തടാധിഷ്ഠിത വികസനം

ഭൂമുഖത്തെ ഏതൊരു തുണ്ടുഭൂമിയും ഏതെങ്കിലും ഒരു നീർത്തടത്തിന്റെ ഭാഗമായിരിക്കും. നീർത്തടമെന്നത് മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ പരസ്പരബന്ധിതമായ പ്രകൃതിയുടെ ഒരു യൂണിറ്റായതിനാൽ തന്നെ സുസ്ഥിരവികസനം ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഏറ്റവും അനുയോജ്യമായ യൂണിറ്റാണിത്. അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയിൽ ഏതെങ്കിലും ഒന്നിനുണ്ടാകുന്ന ആഘാതം മറ്റു രണ്ടു വിഭവങ്ങളേയും ബാധിക്കുമെന്നുള്ളതിനാലും ജലത്തിന്റെ ലഭ്യത, മണ്ണിന്റെ തരം, സസ്യ ജന്തുജാലങ്ങളുടെ സാന്നിധ്യം എന്നിവ ഓരോ നീർത്തടത്തിലും വ്യത്യസ്തമായതിനാലും നീർത്തടാധിഷ്ഠിത വികസനം പ്രാധാന്യമർഹിക്കുന്നു. പ്രകൃതിയാൽ നിർണയിക്കപ്പെട്ട അതിർത്തികൾ മാറ്റമില്ലാത്തത് ആയതിനാൽ വിവിധ വകുപ്പുകൾ പരിസ്ഥിതി സൗഹൃദ സ്വസ്ഥത വികസന പദ്ധതികൾ നീർത്തട അടിസ്ഥാനത്തിലാണ് ആസൂത്രണം ചെയ്യുന്നത്.

### 2.3 മുണ്ടൻപാറമല – പന്നിയറമുടി ലാന്റ്സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ സ്കീം

24.09.2012 ൽ സീതത്തോട് പഞ്ചായത്തിലെ ഗുരുനാഥൻമണ്ണ് പ്രദേശത്തുള്ള മുണ്ടൻപാറമല -പന്നിയറമുടി പ്രദേശത്ത് അതിശക്തമായ മണ്ണിടിച്ചിൽ ഉണ്ടാകുകയും കൃഷിഭൂമി, റോഡ്, വാസസ്ഥലങ്ങൾ എന്നിവയ്ക്ക് നാശം സംഭവിച്ചു. കാർഷിക വിളകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും വളക്കൂറുള്ള മണ്ണിന്റെ ഒരു ഭാഗം ഒലിച്ചു പോകുകയും ചെയ്തു. അതിശക്തമായ മണ്ണിടിച്ചിൽ മൂലം മരങ്ങൾ വേരോടെ പിഴുതു മാറ്റപ്പെട്ടു. മണ്ണൊലിപ്പ് നിയന്ത്രിച്ച് മണ്ണു സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചെങ്കിൽ മാത്രമേ കൃഷി ഭൂമിയെ സംരക്ഷിച്ച് നിലനിർത്താൻ

സാധിക്കുവെന്ന പഠനത്തിന്റെ ഭാഗമായിട്ടാണ് മണ്ണുസംരക്ഷണ വകുപ്പ് ഈ രണ്ട് പദ്ധതികളും പ്രദേശത്ത് നടപ്പിലാക്കിയത്. പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ ഉൾപ്പെട്ട സീതത്തോട് ഗ്രാമ പഞ്ചായത്തിലെ ഗുരുനാഥൻ മണ്ണ് പ്രദേശത്ത് 511 ഹെക്ടർ സ്ഥലത്ത് 110.3 ലക്ഷം പ്രോജക്ട് കോസ്റ്റ് മുടക്കി മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് മുണ്ടൻപാറമല – പന്നിയറ മുടി ലാന്റ്സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ സ്കീം. ടി പ്രദേശത്ത് മണ്ണൊലിപ്പ് തടഞ്ഞ് ഭൂമിയുടെ മണ്ണിടിച്ചിൽ നിയന്ത്രിച്ച് കാർഷികോൽപാദനത്തിനുള്ള സാഹചര്യം ഉണ്ടാക്കുകയായിരുന്നു നബാർഡിന്റെ ധനസഹായത്തോടെ (ആർ.ഐ.ഡി.എഫ്) ആരംഭിച്ച പദ്ധതിയുടെ ലക്ഷ്യം.

### മുണ്ടൻപാറമല ലാന്റ് സ്ലൈഡിംഗ് പ്രൊജക്ട്

<u>അതിരുകൾ</u>

വടക്ക് - ആനചന്ത
കിഴക്ക് - ആലുവാംകുടി
തെക്ക് - സീതത്തോട് തോട്
പടിഞ്ഞാറ് - സീതത്തോട് തോട്

### പന്നിയറമുടി ലാന്റ് സ്ലൈഡിംഗ് പ്രൊജക്ട്

<u>അതിരുകൾ</u>

വടക്ക് - സീതത്തോട്
കിഴക്ക് - ഗുരുനാഥൻമണ്ണ്
തെക്ക് - പന്നിയറമുടി
പടിഞ്ഞാറ് - കുളങ്ങരവാലി

വ്യക്തിഗത ഭൂവികസന പ്രവർത്തനങ്ങളായ പാർശ്വഭിത്തി നിർമ്മാണം, കല്ലുകയ്യാല എന്നിവ പദ്ധതിയിലെ പ്രവർത്തനങ്ങളായിരുന്നു.

### 2.4 പദ്ധതി പ്രദേശത്തിന്റെ ഭൂപടം

മുണ്ടൻപാറമല – പന്നിയറമുടി പദ്ധതി പ്രദേശങ്ങളുടെ ഭൂപടമാണ് ചുവടെ ചേർത്തിരിക്കുന്നത്.






### 2.5 പദ്ധതി പ്രദേശം ചിത്രങ്ങളിലൂടെ









### 2.6 പദ്ധതി പ്രദേശത്തിന്റെ ഭൂവിനിയോഗം

**ഭൂവിനിയോഗരീതി**

| ഭൂവിനിയോഗരീതി | പദ്ധതിക്കുമുൻപ് വിസ്തൃതി (സെന്റിൽ) | പദ്ധതിക്കുശേഷം വിസ്തൃതി (സെന്റിൽ) |
|---|---|---|
| കൃഷിചെയ്യുന്ന സ്ഥലം | 20646 | 20646 |
| കൃഷി ചെയ്യാത്ത സ്ഥലം | 841 | 841 |
| കൃഷിക്ക് ഉപയുക്തമല്ലാത്തത് | 79 | 79 |
| ആകെ | 21566 | 21566 |




# അധ്യായം-3

## മണ്ണുസംരക്ഷണവിലയിരുത്തൽപഠനം – പ്രധാനപ്പെട്ട സൂചകങ്ങൾ

### 3.1 ആമുഖം

മണ്ണു പര്യവേഷണ - മണ്ണു സംരക്ഷണ വകുപ്പ് പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയ മുണ്ടൻപാറമല-പന്നിയറ മുടി ലാന്റ് സ്റ്റെബിലൈസേഷൻ പദ്ധതിയുടെ വിലയിരുത്തൽ പഠനമാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

### 3.2 പൊതുവിവരങ്ങൾ

മുൻ ഖണ്ഡികകളിൽ പരാമർശിച്ച പോലെ പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ ഉൾപ്പെട്ട സീതത്തോട് ഗ്രാമപഞ്ചായത്തിലെ ഗുരുനാഥൻമണ്ണ് പ്രദേശത്ത് 511 ഹെക്ടർ സ്ഥലത്താണ് മുണ്ടൻപാറമല - പന്നിയറ മുടി ലാന്റ് സ്റ്റെബിലൈസേഷൻ പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രദേശത്തെ ആളുകളുടെ പ്രധാന തൊഴിൽ കൃഷിയാണ്. പദ്ധതി പ്രദേശത്ത് ഭൂരിഭാഗവും കൃഷി ചെയ്തിരിക്കുന്നത് റബ്ബറാണ്.

**ജനസംഖ്യ**

| പദ്ധതി പ്രദേശത്തെ കുടുംബങ്ങളുടെ സാമൂഹിക അവസ്ഥ | | |
|---|---|---|
| **സാമൂഹിക വിഭാഗം** | **APL** | **BPL** |
| പട്ടികജാതി | 0 | 1 |
| പട്ടികവർഗ്ഗം | 0 | 0 |
| മറ്റുള്ളവർ | 132 | 21 |




### 3.2.2 പദ്ധതിപ്രദേശത്തെ കുടുംബങ്ങളുടെ പ്രധാനതൊഴിൽ

പദ്ധതി പ്രദേശത്തെ കുടുംബങ്ങളെ അവരുടെ ഹോൾഡിംഗ് വിസ്തൃതിയുടെ അടിസ്ഥാനത്തിൽ അധ്യായം-1 ൽ പരാമർശിച്ച പ്രകാരം 4 സ്ട്രാറ്റങ്ങളായി തിരിച്ചിരിക്കുന്നു. പദ്ധതി പ്രദേശത്തെ കുടുംബങ്ങളുടെ പ്രധാന തൊഴിൽ സ്ട്രാറ്റം തിരിച്ച് ചുവടെ നൽകിയിട്ടുണ്ട്. ആയത്പ്രകാരം 81% ആൾക്കാരും കാർഷികേതര മേഖലയിൽ ഉള്ളവരാണ്.

**ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ & സ്ട്രാറ്റം**

| പ്രധാന തൊഴിൽ | സ്ട്രാറ്റം 1 | സ്ട്രാറ്റം 2 | സ്ട്രാറ്റം 3 | സ്ട്രാറ്റം 4 | ആകെ |
|---|---|---|---|---|---|
| കൃഷി | 8 | 15 | 3 | 0 | 26 |
| കാർഷികേതരം | 65 | 45 | 15 | 0 | 125 |
| കർഷക തൊഴിലാളി | 2 | 0 | 0 | 0 | 2 |
| കാർഷികേതര തൊഴിലാളി | 1 | 0 | 0 | 0 | 1 |
| മറ്റുള്ളവ | 0 | 0 | 0 | 0 | 0 |



### 3.2.3 ഗുണഭോക്താക്കളുടെ അനുബന്ധതൊഴിൽ

**ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ**

| *അനുബന്ധ തൊഴിൽ* | *സ്ട്രാറ്റം 1* | *സ്ട്രാറ്റം 2* | *സ്ട്രാറ്റം 3* | *സ്ട്രാറ്റം 4* | *ആകെ* |
|---|---|---|---|---|---|
| അനുബന്ധ തൊഴിൽ ഇല്ല | 5 | 8 | 2 | 0 | 15 |
| കൃഷി | 37 | 42 | 15 | 0 | 94 |
| പശു വളർത്തൽ | 26 | 5 | 1 | 0 | 32 |
| ആടു വളർത്തൽ | 12 | 5 | 0 | 0 | 17 |
| കോഴി വളർത്തൽ | 3 | 1 | 0 | 0 | 4 |
| മീൻ വളർത്തൽ | 0 | 0 | 0 | 0 | 0 |
| പോത്തു വളർത്തൽ | 0 | 0 | 0 | 0 | 0 |
| താറാവു വളർത്തൽ | 0 | 0 | 0 | 0 | 0 |
| മറ്റുള്ളവ | 0 | 0 | 0 | 0 | 0 |
| കൃഷി, ആടു വളർത്തൽ | 1 | 0 | 0 | 0 | 1 |
| കൃഷി, കോഴി വളർത്തൽ | 1 | 0 | 0 | 0 | 1 |



പദ്ധതി പ്രദേശത്ത് താമസിക്കുന്ന മിക്ക കുടുംബങ്ങളും അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതായി സർവേ റിപ്പോർട്ട് ചെയ്യുന്നു. കൃഷി, പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിവ പ്രധാനപ്പെട്ട അനുബന്ധ തൊഴിലുകളാണ്.

### 3.3 ഭൂവിനിയോഗം

പദ്ധതി പ്രദേശത്തിന്റെ ഭൂവിനിയോഗം പരിശോധിച്ചാൽ ഭൂരിഭാഗം പ്രദേശത്തും റബ്ബർ കൃഷിയാണ്. ആകെ ഭൂവിസ്തൃതിയുടെ 95% കൃഷിഭൂമിയാണ്.

### 3.3.1 ഹ്രസ്വകാല വിളകൾ

പദ്ധതി പ്രദേശത്ത് കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളകളുടെ വിസ്തൃതിയും കർഷകരുടെ എണ്ണവും ചുവടെ നൽകുന്നു.

**വിളവിസ്തൃതി**

| ഹ്രസ്വകാലവിളകൾ | പദ്ധതിക്കു മുൻപ് വിസ്തൃതി (സെന്റിൽ) | പദ്ധതിക്കു ശേഷം വിസ്തൃതി (സെന്റിൽ) |
|---|---|---|
| ഇഞ്ചി | 90 | 98 |
| ഏത്തവാഴ | 535 | 515 |
| കോവക്ക | 2 | 2 |
| ചേന | 24 | 19 |
| ചേമ്പ് | 18 | 18 |
| പച്ചക്കറികൾ | 13 | 13 |
| പാവക്ക | 2 | 2 |
| പൈനാപ്പിൾ | 6 | 6 |
| മഞ്ഞൾ | 0 | 2 |
| മത്തൻ | 0 | 1 |
| മരച്ചീനി | 202 | 202 |
| വാഴ (കുഴികളുടെ എണ്ണം) | 90 | 101 |




### 3.3.2 ദീർഘകാല വിളകൾ

പദ്ധതി പ്രദേശത്ത് ഏറ്റവും കൂടുതൽ കാണുന്നത് റബ്ബർ കൃഷിയാണ്. വെട്ടുന്ന റബ്ബറും വെട്ടാത്ത റബ്ബറും പദ്ധതി പ്രദേശത്തുണ്ട്. റബ്ബറിന് പുറമെ തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, അൽബീസിയ, പ്ലാവ്, കാപ്പി, കോലിഞ്ചി, കൊക്കോ, മാവ്, പേര്, ചാമ്പക്ക, മഹാഗണി, തേക്ക് തുടങ്ങിയവയും പദ്ധതി പ്രദേശത്ത് കൃഷി ചെയ്യുന്നുണ്ട്. പദ്ധതി പ്രദേശത്തെ 81% കുടുംബങ്ങൾക്കും റബ്ബർ കൃഷിയുള്ളതായി സർവേ വെളിപ്പെടുത്തുന്നു.

**വിളവിസ്തൃതി (എണ്ണം/വിസ്തൃതി)**

| ദീർഘകാലവിളകൾ | പദ്ധതിക്കു മുൻപ് കായ്ച്ചത് | പദ്ധതിക്കു മുൻപ് കായ്ക്കാത്തത് | പദ്ധതിക്കു ശേഷം കായ്ച്ചത് | പദ്ധതിക്കു ശേഷം കായ്ക്കാത്തത് |
|---|---|---|---|---|
| അൽബീസിയ (സെന്റിൽ) | 2054 | 0 | 2054 | 0 |
| ആഞ്ഞിലി (സെന്റിൽ) | 112 | 0 | 112 | 0 |
| കമുക് (എണ്ണം) | 210 | 66 | 214 | 62 |
| കശുമാവ് (എണ്ണം) | 8 | 0 | 8 | 0 |
| കാപ്പി (സെന്റിൽ) | 0 | 4 | 2 | 2 |
| കുടംപുളി (സെന്റിൽ) | 6 | 0 | 6 | 0 |
| കുരുമുളക് (എണ്ണം) | 7474 | 610 | 8084 | 0 |
| കൊക്കോ (എണ്ണം) | 0 | 11 | 0 | 11 |
| കോലിഞ്ചി(സെന്റിൽ) | 0 | 0 | 0 | 638 |
| ജാതി (എണ്ണം) | 3 | 3 | 3 | 3 |
| തെങ്ങ് (എണ്ണം) | 300 | 68 | 305 | 63 |

| | | | | |
|---|---|---|---|---|
| തേക്ക് (സെന്റിൽ) | 129 | 0 | 129 | 0 |
| പപ്പായ (എണ്ണം) | 25 | 0 | 25 | 0 |
| പുളി (എണ്ണം) | 3 | 4 | 3 | 4 |
| പ്ലാവ് (എണ്ണം) | 116 | 17 | 118 | 15 |
| മറ്റു വൃക്ഷങ്ങൾ(സെന്റിൽ) | 71 | 0 | 71 | 0 |
| മഹാഗണി (സെന്റിൽ) | 47 | 0 | 47 | 0 |
| മാവ് (എണ്ണം) | 19 | 9 | 19 | 9 |
| മുരിങ്ങ (എണ്ണം) | 4 | 4 | 4 | 4 |
| റംബൂട്ടാൻ (സെന്റിൽ) | 0 | 26 | 0 | 26 |
| റബ്ബർ (സെന്റിൽ) | 15998 | 313 | 15754 | 350 |





| ഉൽപാദനം(എണ്ണം/കി.ഗ്രാം) | | | | | | |
|---|---|---|---|---|---|---|
| ദീർഘകാലവിളകൾ | പദ്ധതിക്കുമുൻപ് | | | പദ്ധതിക്കുശേഷം | | |
| | ഫാം പ്രൈസ് | അളവ് | മൂല്യം ഫാം പ്രൈസ് | ഫാം പ്രൈസ് | അളവ് | മൂല്യം ഫാം പ്രൈസ് |
| അടയ്ക്ക (എണ്ണം) | 1.96 | 5320 | 10427.2 | 3.12 | 5893 | 18386.16 |
| ഇഞ്ചി (കി.ഗ്രാം) | 62.64 | 1209 | 75731.76 | 47.07 | 1521.5 | 71617.005 |
| ഏത്തപ്പഴം (കി.ഗ്രാം) | 42.54 | 22062.5 | 938538.75 | 43.92 | 25891.5 | 1137154.68 |
| കശുവണ്ടി (കി.ഗ്രാം) | 95.32 | 51.5 | 4908.98 | 76.94 | 64.25 | 4943.395 |
| കാപ്പിക്കുരു (കി.ഗ്രാം) | 40 | 10 | 400 | 44.41 | 12 | 532.92 |

| | | | | | | |
|---|---|---|---|---|---|---|
| കുടംപുളി (കി.ഗ്രാം) | 188.94 | 90 | 17004.6 | 196.77 | 125 | 24596.25 |
| കുരുമുളക് (കി.ഗ്രാം) | 343.61 | 9726 | 3341950.86 | 375.48 | 12608 | 4734051.84 |
| കോവക്ക (കി.ഗ്രാം) | 27.08 | 46 | 1245.68 | 34.21 | 56 | 1915.76 |
| ചക്ക (കി.ഗ്രാം) | 3.01 | 1106 | 3329.06 | 16.62 | 1336 | 22204.32 |
| ചേന (കി.ഗ്രാം) | 24.16 | 218.25 | 5272.92 | 23.75 | 211.75 | 5029.0625 |
| ചേമ്പ് (കി.ഗ്രാം) | 41.11 | 153.95 | 6328.8845 | 32.31 | 174.7 | 5644.557 |
| ജാതി (കി.ഗ്രാം) | 20.8 | 8.5 | 176.8 | 26 | 10.25 | 266.5 |
| തേങ്ങ (എണ്ണം) | 20.65 | 8581 | 177197.65 | 19.53 | 9557 | 186648.21 |
| പടവലം (കി.ഗ്രാം) | 23.75 | 46 | 1092.5 | 25.27 | 54 | 1364.58 |
| പപ്പായ (കി.ഗ്രാം) | 20 | 136 | 2720 | 22 | 177 | 3894 |
| പാവക്ക (കി.ഗ്രാം) | 45.78 | 67.5 | 3090.15 | 54 | 78.8 | 4255.2 |
| പുളി (കി.ഗ്രാം) | 123.4 | 37 | 4565.8 | 144.95 | 47 | 6812.65 |
| പൈനാപ്പിൾ (കി.ഗ്രാം) | 24.79 | 60 | 1487.4 | 27.51 | 68 | 1870.68 |
| മഞ്ഞൾ (കി.ഗ്രാം) | 0 | 0 | 0 | 0 | 34.5 | 0 |
| മത്തൻ (കി.ഗ്രാം) | 12.91 | 0 | 0 | 19.46 | 4.5 | 87.57 |
| മരച്ചീനി (കി.ഗ്രാം) | 23.7 | 6460 | 153102 | 17.34 | 6946 | 120443.64 |
| മാങ്ങ (കി.ഗ്രാം) | 18.7 | 173 | 3235.1 | 34.78 | 216 | 7512.48 |
| മുരിങ്ങക്കായ (കി.ഗ്രാം) | 25.25 | 13 | 328.25 | 37.5 | 18 | 675 |
| റബ്ബർ (കി.ഗ്രാം) | 117.96 | 154585 | 18234846.6 | 155.96 | 154782 | 24139800.72 |
| വാഴപ്പഴം (കി.ഗ്രാം) | 31.79 | 1945 | 61831.55 | 23.06 | 2178 | 50224.68 |

### 3.4 നടപ്പിലാക്കിയ മണ്ണുസംരക്ഷണ പദ്ധതികളുടെ വിവരങ്ങൾ

പദ്ധതി പ്രദേശത്തെ 58% കുടുംബങ്ങളും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവരാണ്. ഏതൊക്കെ പദ്ധതികളിലൂടെയാണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്ന് പട്ടിക 3.4 ൽ കാണാവുന്നതാണ്.

### ടേബിൾ 3.4 മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവരുടെ കണക്കുകൾ പദ്ധതി തിരിച്ച്

| പദ്ധതിയിലൂടെ ഗുണഭോക്താക്കളുടെ ഭൂമിയിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവൃത്തിയുടെ വിവരങ്ങൾ. | | | | | | |
|---|---|---|---|---|---|---|
| പ്രധാന രീതി | സ്കീം(ചെലവ് രൂപയിൽ) | | | | | |
| | RIDF | പഞ്ചായത്ത് | MGNREGS | സ്വന്തം നിലയിൽ | മറ്റുള്ളവ | ആകെ |
| കല്ല് കയ്യാല | 0 | 0 | 0 | 0 | 11110355 | 11110355 |




| പദ്ധതിയിലൂടെ ഗുണഭോക്താക്കളുടെ ഭൂമിയിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവൃത്തിയുടെ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| | സ്കീം(വിസ്തൃതി (മീറ്റർ)) | | | | | |
| പ്രധാനരീതി | RIDF | പഞ്ചായത്ത് | MGNREGS | സ്വന്തം നിലയിൽ | മറ്റുള്ളവ | ആകെ |
| കല്ല് കയ്യാല(m) | 0 | 0 | 0 | 0 | 66645 | 66645 |




ടേബിൾ പ്രകാരം 52% RIDF മുഖാന്തിരം മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പഞ്ചായത്ത് മുഖാന്തിരം 1% കുടുംബങ്ങളും MGNREGS മുഖാന്തിരം 1.5% കുടുംബങ്ങളും സ്വന്തം നിലയിൽ 4.5% കുടുംബങ്ങളും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ചില കുടുംബങ്ങൾ ഒന്നിൽ കൂടുതൽ പദ്ധതികൾ മുഖാന്തിരം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന കാര്യം ഡാറ്റാ വിശകലനം ചെയ്യുമ്പോൾ ഓർമ്മിക്കേണ്ടതാണ്.

| മണ്ണ് സംരക്ഷണത്തെപ്പറ്റി ഗുണഭോക്താവിന്റെ അഭിപ്രായം | | | |
|---|---|---|---|
| **മണ്ണ് സംരക്ഷണത്തെപ്പറ്റി ഗുണഭോക്താവിന്റെ അഭിപ്രായം** | **തൃപ്തികരമാണ് (1)** | **ഭാഗികമായ കേടുപാടുകൾ ഉണ്ട്.(2)** | **പൂർണ്ണമായി നശിച്ചത്(3)** |
| മണ്ണ്സംരക്ഷണ പദ്ധതിയുടെ നിലവിലെഅവസ്ഥ | 0 | 153 | 1 |
| **ഗുണഭോക്താവിന്റെ അഭിപ്രായം** | **ഉണ്ട്(1)** | **ഇല്ല(2)** | **ചെലവ് (ഉണ്ടെങ്കിൽ)** |
| മണ്ണ്സംരക്ഷണപ്രവർത്തനങ്ങൾനടത്തിയിട്ടുള്ളസ്ഥലങ്ങളിൽആവശ്യാനുസരണംപരിപാലനംനടത്തുന്നുണ്ടോ? | 4 | 150 | 0 |
| **പരിപാലനം നടത്താത്തതിനുള്ള കാരണങ്ങൾ** | | | |
| താൽപര്യമില്ല (1) | 1 | | |
| ഫണ്ടിന്റെലഭ്യതക്കുറവ്(2) | 149 | | |
| മറ്റുകാരണങ്ങൾ(വ്യക്തമാക്കുക)(3) | 0 | | |






### 3.5 നടപ്പിലാക്കിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ

പാർശ്വഭിത്തി നിർമ്മാണം, കല്ലുകയ്യാല നിർമ്മാണം എന്നിവയാണ് പദ്ധതി പ്രദേശത്തെ പ്രധാനമായും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ. പ്രധാന മണ്ണുസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് വിവരണം അനുബന്ധമായി നൽകിയിട്ടുണ്ട്. മണ്ണ് സംരക്ഷണം പ്രധാനമായും നടപ്പിലാക്കിയിട്ടുള്ള പാർശ്വഭിത്തി നിർമ്മാണ രീതിയിലാണ്

മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയവരുടെ സ്ടാറ്റം തിരിച്ചുള്ള വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു. നടപ്പിലാക്കിയ പദ്ധതികളുടെ വിലയിലുത്തലിനായി വിവിധ വിവരങ്ങൾ എല്ലാ ഗുണഭോക്താക്കളിൽ നിന്നും സർവേയിലൂടെ ശേഖരിച്ചു. ടി വിവരങ്ങളും ഗുണഭോക്താക്കളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചും ഈ സെക്ഷനിൽ വിശകലനം ചെയ്യുന്നു.

**പദ്ധതിക്കു ശേഷം ഗുണഭോക്താക്കളുടെ ഭൂമിയിൽ നടപ്പിലാക്കിയിട്ടുള്ള (മറ്റ് പദ്ധതിയിലൂടെ/സ്വയം നടത്തിയ) മണ്ണ് സംരക്ഷണ പ്രവൃത്തിയുടെ വിവരങ്ങൾ.**

| പ്രധാനരീതി | സ്കീം(ചെലവ് രൂപയിൽ) | | | | | |
|---|---|---|---|---|---|---|
| | RIDF | പഞ്ചായത്ത് | MGNREGS | സ്വന്തം നിലയിൽ | മറ്റുള്ളവ | ആകെ |
| കല്ല് കയ്യാല(m) | 0 | 0 | 0 | 0 | 15800 | 15800 |




| പ്രധാനരീതി | സ്കീം (വിസ്തൃതി (മീറ്റർ) | | | | | |
|---|---|---|---|---|---|---|
| | RIDF | പഞ്ചായത്ത് | MGNREGS | സ്വന്തം നിലയിൽ | മറ്റുള്ളവ | ആകെ |
| കല്ല് കയ്യാല(m) | 0 | 0 | 0 | 0 | 100 | 100 |




### 3.6. മണ്ണ് സംരക്ഷണം നടത്തിയിട്ടുള്ള സ്ഥലങ്ങളിൽ വർഷം തോറുമുള്ള പരിപാലനം

പദ്ധതി പ്രദേശത്ത് താമസിക്കുന്ന 154 കുടുംബങ്ങളിൽ 80% ഉം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയവരാണ്. എന്നാൽ അവരിൽ 10% മാത്രമേ ടി സ്ഥലങ്ങളിൽ വർഷംതോറുമുള്ള പരിപാലനം നടത്തുന്നുള്ളു എന്ന സർവേയിൽ ചൂണ്ടിക്കാട്ടുന്നു. പരിപാലനം നടത്താത്തതിനുള്ള കാരണങ്ങൾ പരിശോധിച്ചാൽ 20% പേരും പരിപാലനം നടത്തേണ്ട ആവശ്യമില്ലാത്തതിനാലാണ് പരിപാലനം നടത്താത്തത് എന്ന അഭിപ്രായപ്പെട്ടു. എന്നാൽ 23 % പേർ താൽപര്യമില്ലാത്തതിനാണ് പരിപാലനം നടത്താത്തത് റിപ്പോർട്ട് ചെയ്തു.




### 3.7 മണ്ണു സംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ചുള്ള അഭിപ്രായം

44% കുടുംബങ്ങൾ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ സാമാന്യ പ്രയോജനപ്പെട്ടു എന്ന് അഭിപ്രായം പ്രകടിപ്പിച്ചു.




### 3.8 മണ്ണിന്റെ ഫലഭൂയിഷ്ടത

പദ്ധതി പ്രദേശത്തെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠിത സാമാന്യം മെച്ചപ്പെട്ടുവെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടു.

| നടപ്പിലാക്കിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ പര്യാപ്തമാണോ | എണ്ണം |
|---|---|
| കാര്യക്ഷമമായിരുന്നു(1) | 2 |
| സാമാന്യം പ്രയോജനപ്പെട്ടു (2) | 152 |
| പ്രയോജനമില്ല (3) | 0 |

| ഫലഭൂയിഷ്ഠത അഭിപ്രായം | എണ്ണം |
|---|---|
| വളരെയധികം മെച്ചപ്പെട്ടു (1) | 0 |
| സാമാന്യം മെച്ചപ്പെട്ടു (2) | 154 |
| പ്രയോജനമില്ല (3) | 0 |




### 3.9 മണ്ണിന്റെ ഘടന

മണ്ണൊലിപ്പുള്ള പ്രദേശമാകയാൽ മണ്ണു സംരക്ഷണ പദ്ധതി പ്രവർത്തനങ്ങൾ മൂലം മണ്ണിന്റെ ഘടന മെച്ചപ്പെട്ടതായി ഗുണഭോക്താക്കൾ അഭിപ്രായപ്പെട്ടു.

### 3.10 പദ്ധതിയുടെ പുരോഗതിയെ കുറിച്ചുള്ള അഭിപ്രായം

പദ്ധതി പ്രയോജനപ്രദമായിരുന്നുവെന്നാണ് 99% ഗുണഭോക്താളുടെയും അഭിപ്രായം.

പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ചുള്ള അഭിപ്രായം

| പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ചുള്ള അഭിപ്രായം | ഉണ്ട്(1) | ഇല്ല(2) |
|---|---|---|
| വിളയിലെ വർദ്ധന | 152 | 2 |
| വിളയുടെ സാന്ദ്രതയിലെ വർദ്ധന | 152 | 2 |
| ഉൽപ്പാദന നിരക്ക് വർദ്ധന | 152 | 2 |
| വാർഷിക വരുമാന വർദ്ധന | 152 | 2 |




### 3.11 പദ്ധതിയുടെ വിവരങ്ങൾ അറിഞ്ഞത് സംബന്ധിച്ച്

ഗുണഭോക്താക്കൾ പദ്ധതിയുടെ വിവരങ്ങൾ എങ്ങനെ അറിഞ്ഞുവെന്നുള്ളത് ചുവടെ കാണാവുന്നതാണ്.

**മണ്ണ് സംരക്ഷണ പദ്ധതിയുടെ വിവരങ്ങൾ അറിഞ്ഞത് സംബന്ധിച്ച്**

| പദ്ധതിയുടെ വിവരങ്ങൾ അറിഞ്ഞത് | എണ്ണം |
|---|---|
| മണ്ണുസംരക്ഷണ പദ്ധതി ഉദ്യോഗസ്ഥർ മുഖേന(1) | 154 |
| ഗ്രാമ, ബ്ലോക്ക്, പഞ്ചായത്ത് അധികാരികളിൽ നിന്ന്(2) | 0 |
| ഗുണഭോക്തൃസമിതി അംഗങ്ങളിൽ നിന്നും (3) | 0 |
| അറിവില്ല (4) | 0 |
| മറ്റുള്ളവ (5) | 0 |



### 3.12 പദ്ധതി പരിശീലനം

പദ്ധതിയെക്കുറിച്ച് പരിശീലനം ലഭിച്ചതായി റിപ്പോർട്ട് ചെയ്തത് ഒരു ശതമാനത്തിൽ താഴെ ഗുണഭോക്താക്കളാണ്. പാർശ്വഭിത്തി നിർമ്മാണത്തിലാണ് പദ്ധതി പരിശീലനം ലഭിച്ചിട്ടുള്ളത്.

| മണ്ണ് സംരക്ഷണ പദ്ധതി പരിശീലനം സംബന്ധിച്ച് | | |
|---|---|---|
| **പരിശീലനം** | **ഉണ്ട്(1)** | **ഇല്ല(2)** |
| മണ്ണ്സംരക്ഷണപദ്ധതിപരിശീലനംലഭിച്ചിട്ടുണ്ടോ? | 12 | 140 |

### 3.13 കിണറിലെ ജലവിതാനം (ഏപ്രിൽ/ മെയ് മാസങ്ങളിൽ)

കിണറിലെ ജല ലഭ്യത

| കിണറിൽ വർഷത്തിൽ എത്ര മാസം ജലം ലഭ്യമാകുന്നില്ല? | പദ്ധതിയ്ക്ക് മുൻപ് | | | | പദ്ധതിയ്ക്ക് ശേഷം | | | |
|---|---|---|---|---|---|---|---|---|
| | 1-4 മാസം | 5-8 മാസം | 9-12 മാസം | 0* (എല്ലാ മാസവും ജലം ലഭ്യമാണ് ) | 1-4 മാസം | 5-8 മാസം | 9-12 മാസം | 0* (എല്ലാ മാസവും ജലം ലഭ്യമാണ് ) |
| | 29 | 0 | 0 | 13 | 2 | 0 | 0 | 40 |




**കിണറുകളുടെ എണ്ണം സംബന്ധിച്ച്**

| | **പദ്ധതിയ്ക്ക് മുൻപ്** | **പദ്ധതിയ്ക്ക് ശേഷം** |
|---|---|---|
| **കിണറുകളുടെ എണ്ണം** | 42 | 42 |




| ജലാംശത്തിന്റെ തോത് | | | | | | |
|---|---|---|---|---|---|---|
| കൃഷി ഭൂമിയിലെ ജലാംശത്തിന്റെ തോത് | പദ്ധതിയ്ക്ക്മുൻപ്(തൃപ്തികരം) അതെ(1) | പദ്ധതിയ്ക്ക്മുൻപ്(തൃപ്തികരം) അല്ല(2) | പദ്ധതിയ്ക്ക്മുൻപ്(തൃപ്തികരം) ബാധകമല്ല(3) | പദ്ധതിയ്ക്ക്ശേഷം(തൃപ്തികരം) അതെ(1) | പദ്ധതിയ്ക്ക്ശേഷം(തൃപ്തികരം) അല്ല(2) | പദ്ധതിയ്ക്ക്ശേഷം(തൃപ്തികരം) ബാധകമല്ല(3) |
| | 37 | 103 | 14 | 136 | 4 | 14 |




### 3.14 തോടിന്റെ പാർശ്വങ്ങളുടെ സംരക്ഷണം

പദ്ധതിക്ക് മുമ്പും അതിനു ശേഷവും തോടുകളുടെ പാർശ്വഭിത്തി സംരക്ഷിക്കപ്പെട്ടതിനെ കുറിച്ചുള്ള വിവരണമാണ് ചുവടെ ചേർത്തിരിക്കുന്നത്.

**പാർശ്വ സംരക്ഷണം**

| തോടിന്റെ പാർശ്വങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ. | പദ്ധതിയ്ക്ക് മുൻപ് | | | പദ്ധതിയ്ക്ക് ശേഷം | | |
|---|---|---|---|---|---|---|
| | ഉണ്ട്(1) | ഇല്ല(2) | ബാധകമല്ല(3) | ഉണ്ട്(1) | ഇല്ല(2) | ബാധകമല്ല(3) |
| | 2 | 9 | 143 | 4 | 5 | 145 |




പദ്ധതി നടപ്പിലാക്കിയ ശേഷം മണ്ണൊലിപ്പിന്റെ തോതിനെ കുറിച്ചുള്ള ഗുണഭോക്താക്കളുടെ അഭിപ്രായം സർവേയിലൂടെ ശേഖരിച്ചു. പദ്ധതി നടപ്പിലാക്കിയ ശേഷം മണ്ണൊലിപ്പിന്റെ തോത് കുറഞ്ഞിട്ടുള്ളതായി 96% പേരും അഭിപ്രായപ്പെട്ടു. പദ്ധതി നടപ്പിലാക്കിയ ശേഷവും മണ്ണൊലിപ്പിന്റെ തോത് കുറയാത്ത പ്രദേശങ്ങൾ ഉള്ളതായി 0.5% പേരും റിപ്പോർട്ട് ചെയ്തു.

## അധ്യായം- 4

### 4.1 കൺട്രോൾ പ്ലോട്ടുകളുടെ വിലയിരുത്തൽ

ഗുണഭോക്താക്കൾക്ക് പുറമേ പദ്ധതി പ്രദേശത്ത് താമസിക്കുന്ന 20 % കുടുംബങ്ങളുടെ വിവരങ്ങൾ സർവേയിലൂടെ ശേഖരിക്കുന്നു. മുണ്ടൻ പാറമല - പന്നിയറമുടി ലാൻറ് സ്റ്റെബിലൈസേഷൻ പദ്ധതിയിൽ ആകെ 31 കൺട്രോൾ പ്ലോട്ടുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. കൺട്രോൾ പ്ലോട്ടുകളെ കുറിച്ചുള്ള വിശദീകരണങ്ങളാണ് ടേബിളുകളായും ഗ്രാഫുകളായും ചുവടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

| പട്ടിക 2 (A) നീർത്തട പദ്ധതി | | | | |
|---|---|---|---|---|
